**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4424** **29-10-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കൽപ്പറ്റ മണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്; വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | 363 പട്ടികജാതി കുടുംബങ്ങൾക്കും, 500 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | ഭൂരഹിതരായ പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് 2016 മുതൽ 2021 വരെ ഭവനം നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി അനുവദിച്ചിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 74 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട396 കുടുംബങ്ങൾക്കും ഭൂമി അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം - II ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എന്തെല്ലാം; ഇതിനായി അനുവദിക്കുന്ന തുകയെത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഭൂരഹിതരായ പട്ടികജാതി ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനം/വകുപ്പ് മുഖേന 26/09/2019-ലെ LSGD-DB1/304/2019-LSGD നമ്പർ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ളത് അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം/വകുപ്പ് മുഖേനയോ സ്വന്തമായോ ഭൂമി ആർജിക്കാവുന്നതാണ്. പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി ഭൂഉടമകളിൽ നിന്നും അപേക്ഷ ക്ഷണിച്ച് മുനിസിപ്പാലിറ്റി/പഞ്ചായത്ത്തല പരിശോധന കമ്മിറ്റി, ജില്ലാതല സൂക്ഷ്മ പരിശോധനാ കമ്മിറ്റി എന്നീ കമ്മിറ്റികൾ സൂക്ഷ്മ പരിശോധന നടത്തി ബന്ധപ്പെട്ട തഹസീൽദാർ ലാന്റ് വാല്യൂ, മാർക്കറ്റ് വാല്യൂ എന്നിവ പരിഗണിച്ച് നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായ ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂഉടമയുമായി നെഗോസിയേഷൻ നടത്തി വില നിശ്ചയിച്ച് ലാന്റ് ബാങ്ക് പദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|---|
| 1 | കൽപ്പറ്റ മുനിസിപ്പാലിറ്റി | 0 | 0 |
| 2 | കണിയാമ്പറ്റ | 26 | 142 |
| 3 | കോട്ടത്തറ | 8 | 42 |
| 4 | മേപ്പാടി | 22 | 18 |
| 5 | മൂപ്പൈനാട് | 61 | 46 |
| 6 | മുട്ടിൽ | 22 | 18 |
| 7 | പടിഞ്ഞാറത്തറ | 72 | 109 |
| 8 | പൊഴുതന | 58 | 13 |
| 9 | തരിയോട് | 6 | 47 |
| 10 | വെങ്ങപ്പള്ളി | 9 | 44 |
| 11 | വൈത്തിരി | 79 | 21 |
| **ആകെ** | | **363** | **500** |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - II

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|---|
| 1 | കൽപ്പറ്റ മുനിസിപ്പാലിറ്റി | 0 | 28 |
| 2 | കണിയാമ്പറ്റ | 3 | 32 |
| 3 | കോട്ടത്തറ | 0 | 27 |
| 4 | മേപ്പാടി | 4 | 29 |
| 5 | മൂപ്പൈനാട് | 19 | 7 |
| 6 | മുട്ടിൽ | 3 | 194 |
| 7 | പടിഞ്ഞാറത്തറ | 4 | 0 |
| 8 | പൊഴുതന | 22 | 33 |
| 9 | തരിയോട് | 0 | 3 |
| 10 | വെങ്ങപ്പള്ളി | 1 | 34 |
| 11 | വൈത്തിരി | 18 | 9 |
| **ആകെ** | | **74** | **396** |

സെക്ഷൻ ഓഫീസർ